

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## അക്ഷയശ്രീയുടെ കൃഷിയിടം സന്ദർശിച്ചപ്പോൾ...

**ആദ്യത്തെ** അക്ഷയശ്രീ അവാർഡ് ജേതാവായ ജൈവകർഷകൻ എ. നാരായണ മേനോന്റെ കൃഷിയിടം (പാലക്കാട്) സന്ദർശിക്കാൻ ഒരു ഭാഗ്യമുണ്ടായി. കൂറ്റൻ കായ്കളുമേന്തി നിൽക്കുന്ന കുള്ളൻ പപ്പായ മരങ്ങളാണ് നമ്മെ പടിവാതിൽ തന്നെ എതിരേൽക്കുന്നത്. മുന്നോട്ട് പോകുമ്പോൾ സമൃദ്ധമായി കായ്ച്ചു നിൽക്കുന്ന അടയ്ക്കാമരങ്ങളും അവയിൽ പടർന്നുകയറിയ കരുത്തുള്ള കുരുമുളകുമാണ് നമ്മുടെ ശ്രദ്ധയാകർഷിക്കുന്നത്. പലയിനം പ്ലാവുകളും ജാതിയും ഗ്രാമ്പൂവും തെങ്ങും വാനിലയും അഗത്തിയുമെല്ലാം ആരോഗ്യത്തോടെ നിൽക്കുന്നത് കാണാൻ തന്നെ നല്ലഭംഗിയാണ്.

ഇതിനെല്ലാം ഹേതുവായത് താഴേക്ക് നോക്കിയാൽ നമുക്ക് ബോധ്യമാകും-നല്ലതുപോലെ മണ്ണിരപ്പുറ്റുകളുള്ള പതുപതുത്ത മണ്ണ് തന്നെ. സുഭാഷ് പാലേക്കർ പ്രചരിപ്പിക്കുന്ന നാടൻ പശുവിന്റെ ചാണകവും മൂത്രവും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സീറോ ബജറ്റ് പ്രകൃതി സൗഹൃദ കൃഷി രീതിയാണ് ഈ കർഷകൻ അവലംബിക്കുന്നത്. എല്ലാ സസ്യാവശിഷ്ടങ്ങളും പുതിയതായി മാറ്റി അവയുടെ മീതെ ജീവാമൃതം പ്രയോഗിച്ചു മാണ് മണ്ണിനെ ഈ പരുവത്തിലാക്കി മാറ്റുന്നതെന്ന് അദ്ദേഹം പറയുന്നു.

വാഴയിനങ്ങളിൽ നടത്തുന്ന സ്വന്തമായ പരീക്ഷണങ്ങളും അദ്ദേഹം വിവരിച്ചു. പതിനഞ്ച് കിലോ കായ്ക്കുന്ന വാഴയെ ഇരുപത്തഞ്ച് കിലോ കായ്ക്കുന്നതാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് ഇദ്ദേഹം. നേന്ത്രൻ, പൂവൻ, റോബസ്റ്റ, കിന്റൽ വാഴ, കുന്നൻ, പാളയൻ കോടൻ തുടങ്ങി വിവിധയിനം വാഴകൾ ഇവിടെ സുലഭമാണ്. പച്ചക്കറികൾ മിക്കവയും വിളവെടുത്തുകഴിഞ്ഞു. എങ്കിലും ഇഞ്ചി, പച്ചമുളക്, വെണ്ട, ചേമ്പ്, ചേന എന്നിവ പലയിടത്തും കണ്ടു. പലയിനം ഔഷധ സസ്യങ്ങളും അങ്ങിങ്ങായി വച്ചുപിടിപ്പിച്ചിട്ടുണ്ട്.

ഏകദേശം ഒന്നേ മുക്കാൽ ഏക്കറോളം വിസ്തീർണ്ണമുള്ള ഈ കൃഷിയിടത്തിലെ ഓരോ വൃക്ഷത്തേയും സ്വന്തം കുടുംബാംഗത്തെ പോലെയാണ് നാരായണൻ കരുതുന്നത്. ഓരോ ഇനത്തിലും വൈവിധ്യം പരമാവധി കൂട്ടുവാൻ ഇദ്ദേഹം ശ്രമിക്കുന്നുണ്ട്. വിഷ പ്രയോഗങ്ങളോ രാസവളങ്ങളോ ഉപയോഗിക്കാതെ ഇത്രയും ഫലപ്രദമായി കൃഷി ചെയ്യാൻ സാധിക്കുമെന്നുള്ളത് ജൈവകൃഷിയിലുള്ള നമ്മുടെ ആത്മവിശ്വാസത്തെ തീർച്ചയായും വർദ്ധിപ്പിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനവും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. രണ്ട് മണിക്കൂർ സന്ദർശനത്തിന് ശേഷം പുറത്തിറങ്ങി. നട്ടുച്ചയുടെ പാലക്കാടൻ ചൂടേൽക്കുമ്പോഴാണ് നാം ഇത്രയും നേരം അനുഭവിച്ച കുളിർമയും ഈ കൃഷി രീതി നമുക്ക് നൽകുന്ന മറ്റൊരു സമ്മാനമാണെന്ന് മനസിലാകുന്നത്.

**എലിസബത്ത് ജോസഫ്, തൃശൂർ**

## കഥ മെനയുന്ന വാക്കുകൾ

അപകടകരമായ സാമൂഹ്യകാരണങ്ങൾ സൃഷ്ടിക്കുന്ന മിത്തുകളെ നിർമ്മിക്കുന്നതിൽ ചില വാക്കുകൾ എപ്പോഴും ഇടപെടാറുണ്ട്. ഇത്തരം വാക്കുകളെ രൂപപ്പെടുത്തുന്നതിലും സമൂഹത്തിൽ അതിന്റെ സ്വാധീനം ഉറപ്പിക്കുന്നതിലും മാധ്യമങ്ങൾ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. അമ്മയെന്ന വാക്കിന്റെ നാനാർത്ഥത്തെ അമൃതാനന്ദമയി എന്ന ഏകാർത്ഥത്തിലേക്ക് ചുരുക്കാൻ മാതൃഭൂമി ഒരുപാട് വർഷം പണിപ്പെട്ടിട്ടുണ്ട്. അതിലും അപകരമായ സാമൂഹ്യപ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്ന രണ്ട് വാക്കുകളെയാണ് ചില മാധ്യമങ്ങൾ പ്രത്യേക താൽപര്യപ്രകാരം അടുത്തിടെ വ്യാപകമായി ഉപയോഗിക്കുന്നത് ലൗ ജിഹാദും, ദളിത് തീവ്രവാദവുമാണ് അപകടാവസ്ഥ സൃഷ്ടിക്കുന്ന ഈ രണ്ട് വാക്കുകൾ മൃദു ഹിന്ദുത്വസമീപനമുള്ള ലൗ ജിഹാദ് വാർത്തകളുമായി കേരളകൗമുദി പ്രണയിതാക്കളുടെ രക്ഷാകർത്താവ് ചമയുമ്പോൾ (മലബാർ ഗോൾഡിന്റെ വിശ്വാസം അതെല്ലാം എല്ലാം എന്ന പരസ്യത്തിന്റെ കൂട്ടും). ദളിത് തീവ്രവാദം പ്രചരിപ്പിക്കാൻ മുഖ്യമാധ്യമങ്ങളും ഒപ്പത്തിനൊപ്പമുണ്ട്. വാസ്തവമന്വേഷിച്ചാൽ ഈ രണ്ട് വാക്കുകളും ചില പ്രത്യേക വിഭാഗങ്ങളെ ടാർഗറ്റ് ചെയ്യാനുള്ള ഗൂഢതന്ത്രങ്ങളുടെ ഭാഗമായി രൂപപ്പെട്ടതാണെന്ന് തിരിച്ചറിയാൻ കഴിയും. ഇത്തരം വാക്കുകൾ നിർമ്മിക്കുന്ന മാധ്യമങ്ങളെ എതിർത്തുകൊണ്ട് ഈ വാക്കുകൾ ഉണ്ടാക്കുന്ന അപകടകരമായ വ്യംഗ്യാർത്ഥങ്ങൾ സമൂഹത്തിൽ പടരാതിരിക്കാൻ നാം ഏവരും ശ്രമിക്കേണ്ടതുണ്ട്.

**ജോൺസി മറ്റത്തിൽ**
**പ്രവിത്താനം, പാല.**




## കാർട്ടൂണിസ്റ്റിന് അഭിനന്ദനങ്ങൾ

കേരളീയം കഴിഞ്ഞ ലക്കത്തിൽ, പിന്നോട്ടാഞ്ഞുനിൽക്കുന്ന തൊപ്പിക്കാരനും മുന്നോട്ടാഞ്ഞുനിൽക്കുന്ന തലേക്കെട്ടുക്കാരനും-കേരളത്തിലെ കാർട്ടൂണുകളുടെ സുവർണ്ണകാലഘട്ടത്തെ ഓർമ്മപ്പെടുത്തി. കാർട്ടൂണിസ്റ്റ് വി.എസ്. ഗിരീശന് അഭിനന്ദനങ്ങൾ.

**കെ.എ. സമദ്, മൂന്നാർ**

## മന്താധിപത്യം

മന്ത്രോഗപ്രതിരോധത്തിന്റെ പേരിൽ ആരോഗ്യവകുപ്പ് വിതരണം ചെയ്യുന്ന നിർബന്ധിത-സൗജന്യ ഡിഇഡി ഗുളികകൾ കഴിച്ച് കേരളത്തിന്റെ പല ഭാഗങ്ങളിലായി ആയിരത്തിലധികം കുട്ടികൾക്ക് അസ്വാസ്ഥ്യം അനുഭവപ്പെട്ടു. കുട്ടികളും പ്രായമായ പലരും ഗുളിക കഴിച്ചതിനെത്തുടർന്ന് ആശുപത്രിയിലാണ്. ഇവരോട് ആരാണ് സമാധാനം പറയുന്നത്. സൗജന്യമായി മന്ത് ഗുളിക വിതരണം ചെയ്യുന്ന ആരോഗ്യവകുപ്പ് ഇവർക്ക് സൗജന്യചികിത്സ നൽകുമോ? ഇത്തരം മണ്ടൻ പരീഷണങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ തീർച്ചയായും ജനമദ്ധ്യത്തിൽ കൊണ്ടുവന്ന് ചോദ്യം ചെയ്യേണ്ടതുണ്ട്.

**സനൂപ്, കാസർഗോഡ്**

**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം എഴുതുക/വിളിക്കുക/അയക്കുക.
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com